**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1964** **29-07-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽ 522 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട് . |
| (ബി) | ഈ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇനി കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ, മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ഒരു കുടുംബത്തിനും ഇനി വൈദ്യുതി കണക്ഷൻ നൽകാനില്ല. |
| (സി) | മണ്ഡലത്തിലെ വൈദ്യുതി പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടുന്നതിനും അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | വൈദ്യുതി വിതരണ രംഗം ശക്തിപ്പെടുത്തുന്നതിനായി, കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ എച്ച്.ടി/എൽ.ടി ലൈൻ നിർമ്മിക്കുക, ട്രാൻസ്ഫോർമർ സ്ഥാപിക്കുക, നിലവിലുള്ള ട്രാൻസ് ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക, പഴയ കമ്പി മാറ്റി പുതിയവ സ്ഥാപിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുക തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി ദ്യുതി പദ്ധതി യിൽ 949.74 ലക്ഷം രൂപയും DDUGJY പദ്ധതിയിൽ 606.65 ലക്ഷം രൂപയും വോൾട്ടേജ്/ സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 280.61 ലക്ഷം രൂപയും PPS പദ്ധതിയിൽ 156.887 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി വിതരണ രംഗം ശക്തിപ്പെടുത്തുന്നതിനു KSEBL-ന്റെ തനതു ഫണ്ടായ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ 562.60 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ രംഗം ശക്തിപ്പെടുത്തു ന്നതിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. (i) മഴുവന്നൂർ 33 കെ.വി സബ്സ്റ്റേഷനിലെ 33/11 കെ.വി 5 എം.വി.എ ട്രാൻസ്ഫോർമറിന്റെ ശേഷി 8എം.വി.എ ആയി ഉയർത്തുന്ന പദ്ധതിയ്ക്ക് ഭരണാനുമതി ഇതിനോടകം നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. (ii) കിഴക്കമ്പലം 110 കെ.വി സബ്സ്റ്റേഷനിൽ ഒരു 110/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ട്രാൻസ്ഫോർമറിനും ഓർഡർ നൽകിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ